പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **230** — 08-02-2016 - ൽ മറുപടിയ്ക്ക്

**മത്സ്യത്തൊഴിലാളികൾക്ക് വൈദ്യസഹായം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.എൻ.എ.ഖാദർ:** | | **ശ്രീ. കെ. ബാബു**<br>**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി** |
| എ) | മത്സ്യത്തൊഴിലാളികൾക്ക് കടലിൽവെച്ചുണ്ടാകുന്ന അപകടങ്ങളിൽ ആവശ്യമായ വൈദ്യസഹായം ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | എങ്കിൽ ആവശ്യമായ വൈദ്യസഹായം നൽകുന്നതിന് മറൈൻ ആംബുലൻസ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണ്; | ബി) | ഉണ്ട്.<br>കടൽ രക്ഷാപ്രവർത്തനങ്ങൾക്കായി 2 കോടി രൂപ നിരക്കിൽ 3 മറൈൻ ആംബുലൻസുകൾ വാങ്ങുന്നതിന് 6 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ടി തുക വകയിരുത്താത്തതിനാൽ നടപ്പ് സാമ്പത്തിക വർഷത്തെ അവസാനഘട്ട SDG യിൽ 6 കോടി രൂപ അനുവദിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്. |
| സി) | പദ്ധതി നടത്തിപ്പിന്റെ കാലതാമസം ഒഴിവാക്കി അടിയന്തരമായി മറൈൻ ആംബുലൻസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | സി) | മറൈൻ ആംബുലൻസ് വാങ്ങുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരികയാണ്. |
| ഡി) | തീരദേശ നിയോജക മണ്ഡലമായ വള്ളിക്കുന്നിൽ പ്രസ്തുത സേവനം ലഭ്യമാക്കുന്നത് പരിഗണിക്കുമോ? | ഡി) | തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്നു മേഖലകളിലായിട്ടാണ് മറൈൻ ആംബുലൻസിന്റെ സേവനം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ